പത്രക്കുറിപ്പ്
30-12-2017

# ഗണിത വിസ്മയം സമാപിച്ചു

**- മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു**
**- സംഗമത്തിൽ 420 കുട്ടികൾ പങ്കെടുത്തു**

തിരുവനന്തപുരം: ഇന്നത്തെ ചുറ്റുപാടിൽ നല്ലൊരു ജീവിതം കെട്ടിപ്പടുക്കാൻ മികച്ച വിദ്യാഭ്യാസം കൊണ്ട് മാത്രമേ കഴിയൂ എന്നും അതിനാൽ തന്നെ നല്ല വിദ്യാഭ്യാസം നേടിയെടുക്കാനാകണം കുട്ടികൾ ശ്രമിക്കേണ്ടതെന്നും ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ. ബാലസഭാ അംഗങ്ങളായ കുട്ടികൾക്ക് വേണ്ടി കുടുംബശ്രീ രണ്ട് ദിനങ്ങളിലായി സംഘടിപ്പിച്ച ഗണിത വിസ്മയം സംസ്ഥാനതല സംഗമത്തിന്റെ സമാപനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പല കുട്ടികൾക്കും ബാലികേറാമലയായി അനുഭവപ്പെട്ടിരുന്ന ഗണിതം, ഗണിത വിസ്മയം പരിപാടിയിലൂടെ സന്തോഷം പകരുന്ന ഒരു വിഷയമായി മാറിക്കഴിഞ്ഞെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിവിധ ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 420 കുട്ടികളാണ് സംസ്ഥാനതല സംഗമത്തിൽ പങ്കെടുത്തത്. മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്കുള്ള സമ്മാനദാനവും മന്ത്രി നിർവ്വഹിച്ചു.

കുട്ടികളിൽ ഗണിത ശാസ്ത്രത്തിൽ താത്പര്യം ജനിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീ ബാലസഭകൾ വഴി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ നൂതന പരിപാടിയാണ് ഗണിത വിസ്മയം. ഗണിതത്തെ പ്രകൃതിയുമായും നിത്യ ജീവിതവുമായും ബന്ധപ്പെടുത്തി കുട്ടികൾക്ക് രസകരമായി അനുഭവപ്പെടുന്നത് പോലെ അവതരിപ്പിക്കലാണ് ഗണിത വിസ്മയം പരിപാടിയിലൂടെ ചെയ്തത്. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിലായി നടത്തിയ പരിശീലനങ്ങളും പ്രവർത്തനങ്ങൾക്കും ശേഷം തെരഞ്ഞെടുക്കപ്പെട്ട കുട്ടികളാണ് സംസ്ഥാനതല സംഗമത്തിനെത്തിയത്. ഗണിതശാസ്ത്ര വിദിഗ്ധരും റിസോഴ്സ് പേഴ്സൺമാരും ഉൾപ്പെട്ട ടീം പരിപാടിക്ക് നേതൃത്വം നൽകി. പരിപാടിയുടെ ഭാഗമായി കുട്ടികൾ തയാറാക്കിയ പ്രൊജക്ടുകൾ വിലയിരുത്തി. ബാലാവകാശം, സൈബർ ക്രൈം എന്നീ വിഷയങ്ങളിൽ പ്രമുഖർ ക്ലാസ്സുകളും നൽകി. ഇത് കൂടാതെ കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിൽ സന്ദർശനവും സംഘടിപ്പിച്ചിരുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പാരിസ്ഥിതിക, സാമ്പത്തിക സാംസ്ക്കാരിക വിഷയങ്ങളുടെ പഠനം എന്ന ലക്ഷ്യം മുൻനിർത്തിയാണ് കുടുംബശ്രീ മിഷന്റെ സമഗ്ര ശിശുകേന്ദ്രീകൃത പരിപാടിയായ ബാലസഭകൾ പ്രവർത്തിക്കുന്നത്.

കെ. മുരളീധരൻ എംഎൽഎ അധ്യക്ഷത വഹിച്ച സമാപന യോഗത്തിൽ കുടുംബശ്രീ ഡയറക്ടർ എസ്. നിഷ സ്വാഗതം ആശംസിച്ചു. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു മുഖ്യ പ്രഭാഷ ണം നടത്തി. പട്ടം വാർഡ് കൗൺസിലർ രമ്യ രമേഷ്, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ജി.എസ്. അമൃത എന്നിവർ ആശംസകളർപ്പിച്ചു. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ